# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *279** **08.11.2019 -ലെ മറുപടിയ്ക്ക്**

## മഹാത്മാഗാന്ധി സർവ്വകലാശാല ബി-ടെക് പരീക്ഷയിലെ മോഡറേഷൻ


ചോദ്യം

ശ്രീ. വി.ഡി.സതീശൻ
ശ്രീ. വി.എസ്.ശിവകുമാർ
ശ്രീ. കെ.എസ്.ശബരീനാഥൻ
ശ്രീ. റോജി എം. ജോൺ

ഉത്തരം

ഡോ.കെ.ടി.ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)


| | | | |
|---|---|---|---|
| (എ) | മഹാത്മാഗാന്ധി സർവ്വകലാശാല ബി-ടെക് പരീക്ഷയിൽ ഒരു സെമസ്റ്ററിൽ ഒരു വിഷയത്തിന് തോറ്റ കുട്ടികൾക്ക് അഞ്ച് മാർക്ക് മോഡറേഷനായി നൽകുന്നതിന് സിൻഡിക്കേറ്റ് എടുത്ത തീരുമാനം റദ്ദ് ചെയ്യുവാൻ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ; | (എ) | ഉണ്ട്; സിൻഡിക്കേറ്റ് ഉത്തമ വിശ്വാസത്തോടു കൂടി ബി.ടെക് വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമെന്നുള്ള നിലയിൽ എടുത്ത ഒരു നയപരമായ തീരുമാനത്തെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടുള്ള പ്രചരണവും അടിസ്ഥാനരഹിതവും ദുരുദ്ദേശപരവുമായ വിവാദം ഉയർത്തി സർവ്വകലാശാലയുടെ യശസ്സിനെയും നേട്ടങ്ങളെയും കളങ്കപ്പെടുത്തുന്ന സാഹചര്യവും ഉണ്ടായതിനെത്തുടർന്ന് പൊതുസമൂഹത്തിന് മുന്നിൽ സർവ്വകലാശാലയും അക്കാദമിക് സമൂഹവും സംശയത്തിന്റെ നിഴലിൽപ്പോലും വരാതിരിക്കാൻ ഉദ്ദേശിച്ച് 5 മാർക്ക് മോഡറേഷൻ നൽകാൻ 30/04/2019 ന് സിൻഡിക്കേറ്റ് എടുത്ത തീരുമാനം 24/10/19 ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പിൻവലിക്കുകയുമാണുണ്ടായത്. |
| (ബി) | ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പങ്കെടുത്ത അദാലത്തിൽ വച്ച് തോറ്റ വിദ്യാർത്ഥികൾക്ക് മാർക്ക് കൂട്ടി നൽകുവാൻ എടുത്ത തീരുമാനത്തെ തുടർന്നാണ് സിൻഡിക്കേറ്റും മോഡറേഷൻ നൽകുവാൻ തീരുമാനിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 22/02/2019 ന് നടന്ന അദാലത്തിന്റെ ഉദ്ഘാടന ചടങ്ങിലാണ് പ്രൈവറ്റ് സെക്രട്ടറി പങ്കെടുത്തത്. മോഡറേഷൻ നൽകാനുള്ള തീരുമാനമെടുത്തത് 21/02/19 ന് ചേർന്ന സിൻഡിക്കേറ്റ് നിർവ്വാഹക സമിതി യോഗത്തിലാണ്. |
| (സി) | അക്കാഡമിക് കൗൺസിലിന്റെ അധികാര പരിധിയിൽ വരുന്ന കാര്യ | (സി) | ഉണ്ട്; അക്കാദമിക് കൗൺസിലിന്റെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങളിൽ |

| | | | |
|---|---|---|---|
| | ങ്ങളിൽ അദാലത്തിലും സിൻഡിക്കേറ്റിലും തീരുമാനങ്ങൾ എടുക്കുവാനുണ്ടായ സാഹചര്യം എപ്രകാരമാണ് ഉണ്ടായതെന്ന് പരിശോധിച്ചിട്ടുണ്ടോ; | | അദാലത്തോ സിൻഡിക്കേറ്റോ തീരുമാനമെടുത്തിട്ടില്ല. |
| (ഡി) | അനധികൃതമായി മാർക്ക് ദാനമായി ലഭിച്ച ഏതെങ്കിലും കുട്ടികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; പ്രസ്തുത ഡിഗ്രി ക്യാൻസൽ ചെയ്യുന്നതിനോ പിൻവലിക്കുന്നതിനോ ചാൻസലറുടെ അനുമതി ആവശ്യമാണോയെന്ന് വ്യക്തമാക്കുമോ; | (ഡി) | സർവ്വകലാശാല അനധികൃതമായി ഒരു കുട്ടിക്ക് പോലും മാർക്ക് ദാനമായി നൽകിയിട്ടില്ല. ബി.ടെക് കോഴ്സിന് അഞ്ചുമാർക്ക് മോഡറേഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൻ പ്രകാരം കുട്ടികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഡിഗ്രി ക്യാൻസൽ ചെയ്യുന്നതിനോ പിൻവലിക്കുന്നതിനോ ബഹു. ചാൻസിലറുടെ അനുമതി ആവശ്യമുള്ളതായി കാണുന്നില്ല. |
| (ഇ) | പരീക്ഷാ സമ്പ്രദായത്തെ നോക്കുകുത്തിയാക്കുകയും അതിന്റെ വിശ്വാസ്യതയെത്തന്നെ തകർക്കുകയും ചെയ്യുന്ന ഇത്തരം കാര്യങ്ങളിൽ ഉന്നതതല ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിന് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഇ) | മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 4 ചട്ടം 23 (15) പ്രകാരമാണ് നടപടി സ്വീകരിച്ചിരിക്കുന്നത്. പരീക്ഷാ കാര്യങ്ങളിൽ നയപരമായി തീരുമാനമെടുക്കാൻ സിൻഡിക്കേറ്റിനാണ് അധികാരം. ബി.ടെക് കോഴ്സ് എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് മാറ്റപ്പെടുകയും തുടർ സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതിന് സർവ്വകലാശാലയ്ക്കുള്ള പരിമിതി കണക്കിലെടുത്തും കാലിക്കറ്റ് സർവ്വകലാശാല 2012 ജൂൺ 12 – ലെ ഉത്തരവിലൂടെ 2008 മുതൽ മുൻകാല പ്രാബല്യത്തോടെ ബി.ടെക് വിദ്യാർത്ഥികൾക്ക് 20 മാർക്ക് വരെ മോഡറേഷൻ നൽകാനെടുത്ത തീരുമാനം, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2012 ലെ ഉത്തരവിലൂടെ 2010 മുതലുള്ള ബി.ടെക് വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകാനെടുത്ത തീരുമാനം എന്നിവയെല്ലാം പരിഗണിച്ചാണ് 30.04.2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിനു പുറമെ പരമാവധി 5 മാർക്ക് കൂടി മോഡറേഷനായി നൽകുന്നതിന് നയപരമായ തീരുമാനം എടുത്തത്. ഇക്കാര്യത്തിൽ ഉന്നതതല ഇടപെടലുകൾ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ.